സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 23-27

പാലൈ
PALAI பாலை
ISSN No: 3049-0316

# നിർമ്മാല്യം: അനുകല്പനത്തിന്റെ എം.ടി. മാതൃക



ഡോ. സ്വപ്ന സി. കോമ്പാത്ത്

**സംഗ്രഹം**

മലയാളസിനിമ പ്രാരംഭം മുതൽ തന്നെ അനുകല്പനങ്ങൾക്കാണ് പ്രാമുഖ്യം നൽകിയിരുന്നത്. വിഗതകുമാരനിൽ തുടങ്ങുന്ന നമ്മുടെ സിനിമാചരിത്രം പരിശോധിച്ചാൽ ആദ്യ അമ്പത് ചിത്രങ്ങളിൽ തന്നെ ഭൂരിഭാഗം ചിത്രങ്ങളും അനുകല്പനങ്ങളായിരുന്നു എന്ന് കാണാം. മലയാള സിനിമയിലെ അനുകല്പനങ്ങളുടെ സ്വഭാവം പരിഗണിക്കുമ്പോൾ, സാഹിത്യത്തിന്റെയും നാടകത്തിന്റെയും അനുകല്പനങ്ങൾ, അന്യഭാഷാചിത്രങ്ങളുടെ മൊഴിമാറ്റം, യഥാർത്ഥസംഭവങ്ങളുടെ പുനരാവിഷ്കാരം, വടക്കൻപാട്ടുകളുടെയും നാടോടിക്കഥകളുടെയും ദൃശ്യവത്കരണം എന്നീ തരത്തിലുള്ള പ്രവണതകളാണ് പൊതുവെ കണ്ടുവന്നിരുന്നത്.

**താക്കോൽ വാക്കുകൾ** - അനുകല്പനം - സാംസ്കാരികപരിണാമം - നിർമ്മാല്യം - യാഥാസ്ഥിതികത -ട്രാൻസ്മിഷൻ തിയറി - ജനറേഷൻ ഗ്യാപ്

എം.ടി. വാസുദേവൻ നായർ എന്ന തിരക്കഥാകൃത്ത് മലയാള ചലച്ചിത്ര രംഗത്തേക്ക് കടന്നു വന്നപ്പോഴാണ് തിരക്കഥാരംഗം യാന്ത്രികതയിൽ നിന്ന് ജീവസ്സിലേക്ക് കടന്നത് എന്നു പല സിനിമാ നിരൂപകരും നിരീക്ഷിക്കുന്നുണ്ട്. മൺമറഞ്ഞു പോകുന്ന കേരളീയപൈതൃകവും പരിസ്ഥിതിയും എല്ലാം കലർപ്പില്ലാതെ ചിത്രീകരിക്കുന്ന രീതിയിൽ തിരക്കഥയിലും സംഭാഷണത്തിലും സജീവമായ ഇടപെടലുകൾ നടത്തിക്കൊണ്ടാണ് എം.ടി. ചലച്ചിത്രരംഗത്തെത്തുന്നത്. അഭിനേതാക്കളുടെ പാടവം കൊണ്ട് മാത്രം പൊലിപ്പിക്കപ്പെടുന്ന ഉപരിപ്ലവതയല്ല എം.ടി. സിനിമകൾക്കുള്ളത്. തിരക്കഥാകൃത്ത് എന്ന നിലയിലും സംവിധായകൻ എന്ന നിലയിലും വ്യക്തവും ശക്തവുമായ നിലപാടുകളും അദ്ദേഹത്തിനുണ്ടായിരുന്നു.

എംടിയുടെ ചിത്രങ്ങളുടെ പൊതുസവിശേഷതയെ പറ്റി പറയുമ്പോൾ "കേരളീയ സംസ്കാരത്തിന്റെ സവിശേഷതകളായ ചില ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും പശ്ചാത്തലത്തിൽ അവതരിപ്പിക്കുവാനാണ് ഇഷ്ടപ്പെട്ടിരുന്നത്" എന്ന അഭിപ്രായമാണ് ഏറ്റവുമധികം ഉയർന്നു കേട്ടിട്ടുള്ളത്. നിർമ്മാല്യത്തിനു മുൻപ് 400 ൽ അധികം സിനിമകൾ മലയാളത്തിൽ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. അത്രയും സിനിമകളോടും തുടർന്നുവന്നുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് സിനിമകളോടും മത്സരിച്ചുകൊണ്ട്

* അസിസ്റ്റന്റ് പ്രൊഫസർ & വകുപ്പ് മേധാവി, സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കൊടകര

 ISSN No: 3049-0316 

ഇന്നും മലയാളത്തിൽ നിലനിൽക്കുന്ന ഒരു മികച്ച സിനിമയാണ് എം.ടി.യുടെ ആദ്യസിനിമയായ നിർമ്മാല്യം. ഇന്ത്യൻ സിനിമയുടെ 100 വർഷങ്ങൾ എന്ന ശീർഷകത്തിൽ സമകാലിക മലയാളം പുറത്തിറക്കിയ പ്രത്യേക പതിപ്പിൽ കോളമിസ്റ്റായ ഗോപാലകൃഷ്ണൻ 100 വർഷക്കാലത്തെ ഏറ്റവും മികച്ച ഇന്ത്യൻ സിനിമകളിലൊന്നായി നിർമ്മാല്യത്തെ തെരഞ്ഞെടുത്തിരിക്കുന്നു. സത്യജിത് റേ സംവിധാനം ചെയ്ത പഥേർപാഞ്ചാലി, ചാരുലത, ഋത്വിക് ഘട്ടക് സംവിധാനം ചെയ്ത സുവർണ്ണരേഖ, അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത എലിപ്പത്തായം, മണികൗൾ സംവിധാനം ചെയ്ത സബ്സേ ഉദത ആദ്മി, അരവിന്ദൻ സംവിധാനം ചെയ്ത തമ്പ്, മൃണാൾസൺ സംവിധാനം ചെയ്ത ഭുവൻ ഷോം, രാമുകാര്യാട്ട് സംവിധാനം ചെയ്ത ചെമ്മീൻ, രമേശ് സി.പി. സംവിധാനം ചെയ്ത ഷോലെ തുടങ്ങിയവയാണ് തെരഞ്ഞെടുക്കപ്പെട്ട മറ്റു സിനിമകൾ.

1973 ലാണ് നിർമ്മാല്യം പ്രദർശനത്തിനെത്തുന്നത്. അക്കാലത്തെ ജനപ്രിയമായ സിനിമകളിൽ നിന്ന് വ്യതിരിക്തമായ ഒരു സംവിധാനമികവ് നിർമ്മാല്യത്തിന് ഉണ്ടായിരുന്നു. അതിഭാവുകത്വമോ വാചാടോപമോ ഇല്ലാതെ രതിയുടെയും വയലൻസിന്റെയും അതിപ്രസരമില്ലാതെ തികച്ചും കേരളീയമായ ഒരു പശ്ചാത്തലത്തിൽ കേരളീയമായ വിശ്വാസങ്ങളെ അധികരിച്ച് അതോടൊപ്പം തന്നെ സമൂഹത്തിൽ പരിവർത്തനം സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന പുതിയ പ്രവണതകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് മലയാളിത്തമുള്ള ഒരു കഥയെ ദൃശ്യവത്ക്കരിക്കുകയാണ് എം.ടി. ചെയ്തത്.

യാഥാസ്ഥിതികതയും ആധുനികതയും തമ്മിലുള്ള ഒരേറ്റുമുട്ടൽ ആയിരുന്നു നിർമ്മാല്യം. ഒരു സാധാരണ കുടുംബത്തിൽ സംഭവിക്കുന്ന തകർച്ചയ്ക്ക് സമൂഹവും വിശ്വാസങ്ങളും നിയമങ്ങളും അധികാരങ്ങളും എങ്ങനെ ഉത്തരവാദിയാകുന്നു എന്ന ഒരു കാഴ്ചയിലേക്കാണ് ഈ ചിത്രം വിരൽ ചൂണ്ടുന്നത്. നവോത്ഥാനചിന്തകളുടെ പ്രതിഫലനങ്ങൾ യാഥാസ്ഥിതിക ജീവിതത്തിൽ, പ്രത്യേകിച്ചും കുടുംബം എന്ന സ്ഥാപനത്തിൽ ഉണ്ടാക്കുന്ന ശൈഥില്യം ഈ സിനിമയിൽ പ്രകടമാകുന്നു. എഴുപതുകളിൽ യുവാക്കൾ അനുഭവിച്ചിരുന്ന ആത്മസംഘർഷങ്ങളുടെയും ദാർശനികവ്യഥകളുടെയും പരിച്ഛേദം കൂടിയാണ് നിർമ്മാല്യം.

എം.ടി. രചിച്ച പള്ളിവാളും കാൽചിലമ്പും എന്ന ചെറുകഥയുടെ അനുകല്പനമാണ് നിർമ്മാല്യം. അനുകല്പനത്തെ സംബന്ധിച്ചുള്ള സീമോർ ചാറ്റ്മാന്റെ ട്രാൻസ്മിഷൻ തിയറി പ്രകാരം "ഒരു വാചകം സിനിമയിലേക്ക് മാറ്റുന്ന പ്രക്രിയയിൽ മാധ്യമങ്ങളിലുടനീളം ആഖ്യാനഘടകങ്ങളുടെ "സംപ്രേഷണം" നടക്കുന്നു.. കഥയും പ്രഭാഷണവും (1978) എന്ന തന്റെ കൃതിയിൽ, ചാറ്റ്മാൻ കഥയും (ഉള്ളടക്കം) പ്രഭാഷണവും (അവതരണം) തമ്മിൽ വേർതിരിച്ചു കാണിക്കുന്നു. ആഖ്യാനത്തിന്റെ കാതലായ ഘടകങ്ങൾ നിലനിറുത്തിയിട്ടുണ്ടെങ്കിലും അവതരണത്തിന്റെ രൂപം സിനിമാമാധ്യമത്തിന് അനുയോജ്യമായി മാറുന്നുവെന്ന് അദ്ദേഹം വാദിക്കുന്നു.

സിനിമയുടെ ദൃശ്യപരവും ശ്രവണപരവുമായ ആവശ്യങ്ങൾക്കനുസൃതമായി കഥയെ പുനർ നിർമ്മിക്കുമ്പോൾ, യഥാർത്ഥ സൃഷ്ടിയുടെ ഏതൊക്കെ ഘടകങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്നും ഏതെല്ലാം ഒഴിവാക്കപ്പെടുന്നുവെന്നും സംവിധായകനും തിരക്കഥാകൃത്തുമാണ് തീരുമാനിക്കുന്നത് എന്ന ലിൻഡ ഹച്ചിയോണിന്റെ എ തിയറി ഓഫ് അഡാപ്റ്റേഷൻ (2006) എന്ന പുസ്തകം അനുകല്പനത്തെ സംബന്ധിച്ച ഉത്തരാധുനിക വീക്ഷണം അവതരിപ്പിക്കുന്നു, അഡാപ്റ്റേഷനുകൾ ഒരു കൃതിയുടെ വിവർത്തനങ്ങളല്ല, പുനർവ്യാഖ്യാനങ്ങളാണെന്നാണ് സിദ്ധാന്തം അഡാപ്റ്റേഷനുകളെ "പുനർദർശനങ്ങൾ" ആയി കാണണമെന്ന് അവർ വാദിക്കുന്നു, ചലച്ചിത്രപ്രവർത്തകരെ സംബന്ധിച്ച് അവരെ സ്വാധീനിച്ച മൂലപാഠത്തിൽ പുതിയ ആശയങ്ങളും വീക്ഷണവും അവതരിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഉള്ള ജൈവികവും ക്രിയാത്മകവുമായ ഒരു പ്രക്രിയയാണ് അനുകല്പനം എന്ന് ഈ സിദ്ധാന്തം അനുശാസിക്കുന്നു.

സ്വന്തം കഥയിൽതന്നെ ദൃശ്യവത്ക്കരണത്തിന്റെ വിശാലമായ മറ്റൊരു സാധ്യത കണ്ടെത്തിയതാണ് എം.ടിയുടെ വിജയം. 1956 ലാണ് പള്ളിവാളും കാൽചിലമ്പും പ്രസിദ്ധീകൃതമായത് 'രാമക്കുറുപ്പ് എന്ന പേരുള്ള വെളിച്ചപ്പാടിന്റെ വളരെ ദയനീയമായ ഒരു ജീവിതമാണ് കഥയുടെ ഇതിവൃത്തമായി വരുന്നത്. പാരമ്പര്യമായി രതീക്ഷേത്രത്തിലെ വെളിച്ചപ്പാടുമാരായിരുന്ന രാമക്കുറുപ്പിന്റെ

 ISSN No: 3049-0316 വാല്യം 1 ലക്കം 3 മാർച്ച് 2025

കുടുംബത്തിലുള്ളവർ. അച്ഛന്റെ മരണശേഷമാണ് രാമക്കുറുപ്പിലേക്ക് ഈ നിയോഗം എത്തിച്ചേരുന്നത്. ഭക്തിയും ദൈവഭയവും ഇല്ലാത്ത മൂത്ത പുത്രൻ നാടുവിട്ടുപോയി. ഇളയ നാലുമക്കളെയും വളർത്താൻ ഭാര്യ ലക്ഷ്മി പാടുപെടുകയാണ്. നാടെമ്പാടുമുള്ള ജനങ്ങൾക്ക് രോഗശാന്തി പകർന്നിരുന്ന വെളിച്ചപ്പാടിന്റെ വീട്ടിൽ തന്നെ മൊയമ്മുണ്ണി വസൂരി രോഗം ഉണ്ടാകുന്നു. വെളിച്ചപ്പാടിന്റെ സത്യസന്ധതയും ആത്മാർത്ഥതയും പരിഹസിക്കപ്പെടുന്നു. ഒടുവിൽ പരമ്പരാഗതമായി സൃഷ്ടിച്ച പള്ളിവാളും കാൽചിലമ്പും പഴയ ഓടിന്റെ വിലയ്ക്ക് വിൽക്കാൻ വെളിച്ചപ്പാട് നിർബന്ധിതനാവുകയാണ്.

സഹൃദയപ്രീതി നേടിയ ഈ കഥ എം.ടി. സിനിമയാക്കി മാറ്റുന്നത് 17 വർഷങ്ങൾക്കുശേഷമാണ്. സ്വാഭാവികമായും 17 വർഷങ്ങൾ കേരളീയ സമൂഹത്തിലുണ്ടാക്കിയ മാറ്റംകൂടി വിശാലമായ ക്യാൻവാസിലേക്ക് പകർത്തപ്പെടുമ്പോൾ കൂട്ടിച്ചേർക്കേണ്ടതുണ്ട് എന്ന് എം.ടി. എന്ന സംവിധായകന് ബോധ്യമുണ്ടായിരുന്നു. കഥയുടെ മൗലികസ്വഭാവത്തിന് പ്രത്യക്ഷത്തിൽ വലിയ പരിണാമം ഒന്നും സംഭവിച്ചിട്ടില്ലെങ്കിലും തിരശ്ശീലയിൽ പുനഃസൃഷ്ടിക്കുമ്പോൾ പശ്ചാത്തലത്തിൽ പുനക്രമീകരണം വേണമെന്ന് എം.ടി. തീരുമാനിച്ചിട്ടുണ്ടാകും. വെളിച്ചപ്പാട് സ്വന്തം ദൈന്യതയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുന്നതാണ് മൂലകഥയിലെ അടിസ്ഥാനം.

അനുകല്പനത്തിൽ കഥാപാത്രങ്ങൾക്കും അവരുടെ പേരുകൾക്കുംവരെ വ്യത്യാസം വരുന്നുണ്ട്. സിനിമയിലെ വെളിച്ചപ്പാടിന് പേരില്ല. അതേസമയം കഥയിലെ പേരില്ലാത്ത മകന് സിനിമയിൽ അപ്പു എന്നാണ് പേര്. രാമക്കുറുപ്പിന്റെ ഭാര്യ ലക്ഷ്മി സിനിമയിൽ നാരായണി ആകുന്നു. മൂലകഥയിൽ ഇല്ലാത്ത വാര്യരും ഉണ്ണി നമ്പൂതിരിയും ഭ്രാന്തനും മൈയും വെല്യമ്പ്രായും എല്ലാം തിരക്കഥയിൽ വലിയ പ്രാധാന്യത്തോടെ അവതരിപ്പിക്കപ്പെടുന്നു. പ്രണയവും വിരഹവും പ്രതികാരവും വിനോദങ്ങളും ഗാനവും നൃത്തവും എല്ലാം ഉൾക്കൊള്ളിച്ചുള്ള തിരക്കഥയാണ് നിർമ്മാല്യത്തിന്റേത്. 70 കളിൽ നിലനിന്നിരുന്ന പരമ്പരാഗതവും സാംസ്കാരികവുമായ ചിഹ്നങ്ങളെ സൂക്ഷ്മതയോടെ ചിത്രീകരിച്ചിരിക്കുന്നതുവഴി കാലഘട്ടത്തിനു നേരെപിടിച്ച കണ്ണാടി എന്നുപോലും നിർമ്മാല്യത്തെ, വിശേഷിപ്പിക്കാം. ജീവിതസാഹചര്യങ്ങൾ ഉത്സവങ്ങൾ, അനുഷ്ഠാനങ്ങൾ, വിനോദങ്ങൾ തുടങ്ങിയവയുടെയെല്ലാം അടയാളങ്ങൾ ഈ ചിത്രത്തിൽ പ്രകടമാണ്. പകിടകളിയെക്കുറിച്ച് ഇതിൽ സൂചനകളുണ്ട്. തിരുവാതിര, ഓണം തുടങ്ങിയ വിശേഷാവസരങ്ങളിൽ പകിട കളി മത്സരം തന്നെ നടത്താറുള്ള ഒരു പതിവ് വള്ളുവനാടൻ ഗ്രാമങ്ങളിലുണ്ടായിരുന്നു. നിർമ്മാല്യത്തിൽ സീൻ 27 ൽ പകിടകളിയെക്കുറിച്ച് പരാമർശിക്കുകയും കളിക്കുന്ന രംഗങ്ങൾ ചിത്രീകരിക്കുകയും ചെയ്തിട്ടുണ്ട്.

നാട്ടുവൈദ്യങ്ങളും, ജരാചികിത്സ, രസായന ചികിത്സ എന്നീ പേരുകളിലുള്ള ആയുർവേദ ചികിത്സാ രീതികളും, കേരളത്തിൽ അക്കാലത്തുണ്ടായിരുന്ന ജാതിക്രമങ്ങളും, എറാൻ, എമ്പ്രാൻ തുടങ്ങിയ ആചാരപദങ്ങളും, ആഴക്ക്, ഒഴക്ക്, പറ തുടങ്ങിയ അക്കാലത്തെ അളവുകളും, കൈകൊട്ടിക്കളി, മോഹിനിയാട്ടം, കഥകളി തുടങ്ങിയ കേരളീയകലാരൂപങ്ങളും, കേരളീയരായ കലാപ്രതിഭകളെക്കുറിച്ചുള്ള പരാമർശങ്ങളും, ഇടശ്ശേരിയുടെ കാവിലെ പാട്ടും ചേർന്ന് സുന്ദരമായ ദൃശ്യാനുഭവമാണ് നിർമ്മാല്യം.

സംസ്കാരത്തിന്റെ വിവിധ മുദ്രകളെ തന്മയത്തോടെ അവതരിപ്പിക്കുന്നതിനോടൊപ്പം കേരളീയ സമൂഹത്തിൽ വിവിധ സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം പരിണമിക്കപ്പെട്ടുപോയ പ്രവണതകളെ ചിത്രീകരിക്കുവാനുംഈ ചിത്രത്തിൽ എം.ടി. ക്ക് സാധിച്ചു. വിശ്വാസത്തിന് സംഭവിച്ച തകർച്ചകൾ, ഭൂപരിഷ്കരണ നിയമം മാറ്റം വരുത്തിയ സാമൂഹ്യ സാഹചര്യങ്ങൾ, കേരളീയ കലാരംഗത്തെ സാംസ്കാരിക പരിണാമങ്ങൾ എന്നിവയാണവ.ഈ മൂന്നു പരിണാമങ്ങളും അവയുടെ ഫലങ്ങളും കോർത്തിണക്കി കൊണ്ടാണ് എം.ടി. വെളിച്ചപ്പാടിന്റെ കഥയെ വളർത്തിയെടുത്തത്. ഒരു ചലച്ചിത്രകാരൻ തന്റെ സൃഷ്ടിയിലൂടെ ആ ചലച്ചിത്രം പ്രതിനിധാനം ചെയ്യുന്ന കാലത്തെ കൂടി ദൃശ്യവൽക്കരിക്കുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ് നിർമ്മാല്യം.

ജനാധിപത്യഭരണം വ്യവസ്ഥാപിതമായിട്ടും ക്ഷേത്രവുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർക്കിടയിൽ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നുവെന്നും എന്നാൽ അഭ്യസ്തവിദ്യരുടെ ഇടയിൽ അതിന് സ്ഥാനം ഇല്ലായിരുന്നുവെന്നും ചലച്ചിത്രത്തിലെ ചില സന്ദർഭങ്ങൾ വ്യക്തമാക്കുന്നുണ്ട്. ദൈവിക വിശ്വാസത്തിന്

 ISSN No: 3049-0316


സംഭവിച്ച പരിണാമങ്ങളിൽ ഏറ്റവും ശക്തമായത് ദൈവിക പ്രതിപുരുഷൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന വെളിച്ചപ്പാടിന്റെ മകനായ അപ്പുവിന് സംഭവിച്ച മാറ്റമാണ്. പുതിയ രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾ ഇവിടെ യുക്തിവാദത്തിന് പ്രചാരം നൽകി തുടങ്ങിയിരുന്ന ജീവിതസാഹചര്യങ്ങൾ അപ്പുവിനെ നാസ്തികതയിലേക്ക് നയിക്കുന്നു.

ഭൂമിയുടെ നീതിപൂർവമായ പുനർവിതരണം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ ഭൂപരിഷ്കരണ നിയമത്തിന്റെ മറ്റൊരു വശം ചൂണ്ടിക്കാണിക്കുവാൻ നിർമ്മാല്യത്തിലൂടെ എം.ടി. ശ്രമിച്ചിരിക്കുന്നു സീൻ 69 ൽ വലിയ തമ്പുരാന്റെ വെടിവെട്ട സദസ്സിൽ തമ്പുരാനും മറ്റു ചില നമ്പൂതിരിമാരും സംസാരിച്ചിരിക്കുന്നു.

"വലിയ തമ്പുരാൻ: (നമ്പൂതിരിമാരോട്) നമ്പൂതിരി ഒന്ന് നിരീച്ചിട്ടുണ്ടോ? പണ്ട് പന്തീരായിരം പാട്ടം വരും. ഇരുന്നൂറോ മുന്നൂറോ ആള ഇല്ലത്തുണ്ട്ന്നാല് ഒരു കോട്ടം ഇല്ല. വാരാവാം. ഓത്തൂട്ടാവാം. കളി യോഗാവാം. ഇപ്പോ ഭൂമീണ്ടോ? സോഷ്യലിസല്ലേ?

ഒരു നമ്പൂതിരി : ഇബിടുന്ന് നേർത്തേ അത്. കണ്ടുച്ചോളൂ

വലിയ തമ്പുരാൻ: അപ്ഫൻ കൂടി എതിരായിരുന്നു. റബറ് വയ്ക്കാ, ബസ്സോടിക്കാ, ഇതൊക്കെ നമ്പൂരാർക്ക് പറ്റ്വോയിരുന്നു ശങ്ക. പറ്റും അതിശയായിട്ട് പറ്റും. ഞാനത് നേരത്തെ കണ്ടു. മറ്റുള്ളവർക്ക് കാണമ്പളേക്ക് ഭൂമിയൊക്കെ കുടിയാന്റെ കയ്യിലായി. "

എന്ന സംഭാഷണത്തിലൂടെ ബുദ്ധിയുള്ള ജന്മിമാർ നെൽകൃഷിക്ക് പകരം തോട്ടങ്ങൾ ഉണ്ടാക്കി തങ്ങളുടെ സ്വത്ത് സംരക്ഷിച്ചു എന്ന ഒരു പരിഹാസം നമുക്ക് മനസ്സിലാക്കാം. കൃഷിയെക്കാൾ ലാഭകരമാണ് വ്യവസായം എന്ന ചിന്തയിലേക്ക് പുതുതാൽപര്യങ്ങൾ മാറുന്നതും കാർഷികവൃത്തി അന്യം നിന്നു പോകുന്നതുമായ ഒരു സാഹചര്യം ഉടലെടുക്കുന്നതും ഈ ചിത്രത്തിലൂടെ എം.ടി. മലയാളിക്കു മുന്നിൽ അവതരിപ്പിക്കുന്നു.

കലാപാരമ്പര്യത്തിന് അപചയം നേരിടുന്ന ഒരു കാലഘട്ടത്തിന്റെ നേർചിത്രമാണ് നിർമ്മാല്യം. മനയിൽ വലിയ പ്രൗഢിയുടെ ഭാഗമായി ഉണ്ടായിരുന്ന കഥകളിയോഗങ്ങൾ പിരിച്ചുവിടുന്നതും കലാരൂപങ്ങളെക്കാൾ കൂടുതൽ പ്രാധാന്യം മറ്റുള്ള വിനോദങ്ങൾക്ക് നൽകുന്നതും നിർമ്മാല്യത്തിൽ തന്നെ ചിത്രീകരിച്ചിട്ടുണ്ട്. സീൻ 69 കഥകളി രംഗത്തെ മഹാരഥന്മാർ ഉപയോഗിച്ചിരുന്ന കളിക്കോപ്പുകൾ അന്യാധീനപ്പെടുന്നതു കണ്ടു വിഷമിക്കുന്ന രാവുണ്ണി നായർ വലിയ തമ്പുരാനോട് അവ കേടുപാടുകൾ തീർത്തും സംരക്ഷിക്കണമെന്ന് ആവശ്യപ്പെടുന്നു വലിയ തമ്പുരാൻ മറുപടി പറയുന്നത് ഇപ്രകാരമാണ് '

"വലിയ തമ്പുരാൻ: വേണ്ട, വരാനുള്ള സാധനൊന്നുംല്ലല്ലോ. അതൊക്കെ എടുത്ത്

തട്ട്മ്പ്റത്ത് എവിടയേങ്കിലും കൊണ്ടോയിട്ട് മുറി വെടിപ്പാക്ക്വാ ".

ആ സമയത്ത് കല അസാരം ബാക്കി ഉള്ളത് സായിപ്പന്മാർക്ക് വേണ്ടി മാത്രമാണ് എന്ന് രാവുണ്ണി നായർ വെളിച്ചപ്പാടിനോട് പരാതി പറയുകയും ചെയ്തിട്ടുണ്ട്.

ജനറേഷൻഗ്യാപ്പ് എന്ന പേരിൽ വിവക്ഷിക്കപ്പെടുന്ന രണ്ടു തലമുറകൾ തമ്മിലുള്ള ആശയ വൈരുദ്ധ്യത്തിന്റെ പ്രത്യക്ഷവൽക്കരണമായും ഈ ചലച്ചിത്രത്തെ കരുതാവുന്നതാണ്. യാഥാർത്ഥ്യത്തെ അവഗണിക്കാനുള്ള ഒരുപായമായി പരമ്പരാഗതമായി ശ്രദ്ധിച്ച ജീവിതമൂല്യങ്ങളെ മുറുകെപ്പിടിക്കുന്ന വെളിച്ചപ്പാടും അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന ജീവിതസാഹചര്യങ്ങൾ മാറ്റിയ അപ്പുവും രണ്ട് തലമുറകളുടെ പ്രതിബിംബങ്ങളാണ്. എല്ലാം ഭഗവതിയിൽ സമർപ്പിച്ച് മറ്റൊരു വരുമാനമാർഗവും തേടാതെ ക്ഷേത്രത്തിന്റെ ഉന്നമനത്തിനായിമാത്രം പ്രയത്നിക്കുന്ന വെളിച്ചപ്പാടിന് നാടിനു വന്ന മാറ്റം മനസ്സിലാവുന്നില്ല. സുരക്ഷിത ജീവിതസാഹചര്യത്തിനായുള്ള വ്യഗ്രതയിൽ പിതാവിന്റെ നിസ്സഹായാവസ്ഥ മനസ്സിലാക്കുവാൻ അപ്പുവിനും സാധിക്കുന്നില്ല. ഈ വൈരുദ്ധ്യം കൂടാതെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ, കേരളീയ കലാരൂപങ്ങളുടെ അവതരണം, വിവിധ സാംസ്കാരിക പരിണാമങ്ങൾ എന്നിവയെല്ലാം തന്മയത്വത്തോടെ നിർമ്മാല്യത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

മികച്ച ചലച്ചിത്രത്തിനുള്ള ദേശീയ, സംസ്ഥാനപുരസ്കാരങ്ങൾ നിർമ്മാല്യത്തിന് ലഭിച്ചിട്ടുണ്ട്. ഈ ചിത്രത്തിലെ അഭിനയത്തിന് പി.ജെ. ആന്റണിക്ക് ഏറ്റവും മികച്ച നടനുള്ള ദേശീയ പുരസ്കാരമായ ഭരത് അവാർഡ് ലഭിക്കുകയുണ്ടായി. ഭരത് അവാർഡ് ലഭിച്ച ആദ്യ മലയാളിയാണ് പി.ജെ ആൻറണി. വർഷങ്ങൾക്കിപ്പുറത്തും അനുകല്പനങ്ങളുടെ ഏറ്റവും മികച്ച മാതൃകയായി എം.ടി.യുടെ നിർമ്മാല്യം അനശ്വരമാകുന്നു.

1. Seymour Chatman's "Transmission" Theory

Seymour Chatman, a prominent theorist, suggests that the process of adapting a text to film involves the "transmission" of narrative elements across mediums. In his work Story and Discourse (1978), Chatman distinguishes between the story (the content) and the discourse (the presentation) He argues that the narrative's core elements are retained, but the form of the presentation changes to fit the cinematic medium. The director and screenwriter make decisions about which elements of the original work are preserved and which are omitted, often reshaping the story to suit the visual and auditory demands of cinema.

2. Linda Hutcheon's "A Theory of Adaptation"

Linda Hutcheon's book A Theory of Adaptation (2006) introduces a more postmodern view, suggesting that adaptations are not mere translations of a work but reinterpretations. She argues that adaptations should be viewed as "re-visions," emphasizing that the adaptation is not limited to the original material. It is an active, creative process where filmmakers are influenced by the source text, but also have the freedom to introduce new ideas and meanings.

## Bibliography


- Chatman, Seymour. Story and Discourse: Narrative Structure in Fiction and Film. Cornell University Press, 1978.
- Hutcheon, Linda. A Theory of Adaptation. Routledge, 2006.


## ഗ്രന്ഥസൂചി


സ്വപ്ന സി. കോമ്പാത്ത്, എം.ടി. സിനിമകളും മലയാളി ജീവിതവും, സുജിലി ബുക്സ്


## ആനുകാലികം


എം ടി വാസുദേവൻ നായർ ,എൻ്റെ ചലച്ചിത്ര ജീവിതം,ഭാഷാപോഷിണി, 32,5 (ഒക്ടോബർ,2008) '1-5